ബി.സി. ചെയ്ത് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിക്ക് കിഫ്ബിയിൽനിന്നും 63.99 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് 85.66 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് 4.458 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. RICK എന്ന സ്ഥാപനമാണ് പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുന്നത്. സ്ഥലമേറ്റെടുക്കുന്നതിന് അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് 25-08-2020-ന് റവന്യൂ വകുപ്പിന് ഫൈനൽ അലൈൻമെന്റും സ്കെച്ചും നൽകിയതിന്റെ അടിസ്ഥാനത്തിൽ ലാൻഡ് അക്വിസിഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. റോഡ് വികസനത്തിനുള്ള സ്ഥലം റവന്യൂ വകുപ്പ് ഏറ്റെടുത്ത് നൽകുന്ന മുറയ്ക്ക് നിർമ്മാണപ്രവൃത്തികൾ നിർവ്വഹിക്കാവുന്നതാണ്.

(7) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് വികസനം

ശ്രീ. ടി. ജെ. വിനോദ്: സർ, എറണാകുളം നിയോജകമണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡുമായി ബന്ധപ്പെട്ട വിഷയമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്. എറണാകുളത്തിന്റെ മുഖമാണ് എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ്. 1968 നവംബർ മാസം ഒന്നാം തീയതി അന്നത്തെ മുഖ്യമന്ത്രി സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാടും ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി ഇ. കെ. ഇമ്പിച്ചി ബാവയും കൂടി ഉദ്ഘാടനം ചെയ്ത ബസ് സ്റ്റാൻഡ് കെട്ടിടമാണ് ഇന്ന് എറണാകുളത്തുള്ളത്. ആ കെട്ടിടത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

നിലവിലെ അവസ്ഥ ശോചനീയമാണ്. ചെറിയൊരു മഴ പെയ്താൽപ്പോലും ബസ് സ്റ്റാൻഡിനകത്ത് നിൽക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. ഗ്യാരേജിനെക്കാൾ താഴ്ന്നാണ് ബസ് സ്റ്റാൻഡ് കെട്ടിടം നിൽക്കുന്നത്. കഴിഞ്ഞ മാസം 15-ാം തീയതിയുണ്ടായ മഴയിൽ ആ പ്രദേശത്ത് മുഴുവൻ പ്രളയമായിരുന്നു. അടിയന്തരമായി അക്കാര്യത്തിൽ ഇടപെടണം. നിലവിലുള്ള കെട്ടിടം ഏതുസമയത്തും നിലംപൊത്താമെന്ന അവസ്ഥയിൽ നിൽക്കുകയാണ്. ഗ്യാരേജും ബസ്സ്റ്റാൻഡും സ്ഥിതി ചെയ്യുന്ന 4.77 ഏക്കറും അതിനോട് ചേർന്ന് കാരിക്കാമുറി പ്രദേശത്തായി 3.46 ഏക്കറുമുൾപ്പെടെ ആകെ 8.23 ഏക്കർ സ്ഥലമാണുള്ളത്. എറണാകുളം പട്ടണത്തിന്റെ ഹൃദയഭാഗത്ത് ഏറ്റവും വിലപിടിപ്പുള്ള സ്ഥലത്ത് നിലനിൽക്കുന്ന കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാൻഡിന്റെ അവസ്ഥ ദയനീയമാണ്. അവിടെനിന്നും കെ.എസ്.ആർ.ടി.സി. ഒരു ദിവസം 89 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുകയും 471-ഓളം ബസ്സുകൾ വന്നുപോകുകയും 940-ഓളം ട്രിപ്പുകൾ നടത്തുകയും ചെയ്യുന്നുണ്ട്. ഏകദേശം ഇരുപത്തയ്യായിരത്തിനും മുപ്പതിനായിരത്തിനും ഇടയ്ക്കുള്ള യാത്രക്കാർ ഈ ബസ്സ്റ്റാൻഡ് ഉപയോഗിക്കുന്നു. പ്രസ്തുത സ്റ്റാൻഡിന്റെ ജീർണ്ണാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തരമായി ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, എറണാകുളം കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാൻഡിന്റെ വികസനത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട എറണാകുളം എം.എൽ.എ. ഉന്നയിച്ചത്. എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് സ്ഥിതി ചെയ്യുന്നത് 4.77 ഏക്കർ സ്ഥലത്താണ്. അതിനോട് ചേർന്നുള്ള കാരിക്കാമുറിയിൽ 3.46 ഏക്കർ സ്ഥലവുമുണ്ട്. ഈ രണ്ട് സ്ഥലങ്ങൾക്കും മധ്യേയാണ് മുല്ലശ്ശേരി കനാൽ കടന്നുപോകുന്നത്. ബസ്സ്റ്റാൻഡിന് ചുറ്റുമുള്ള കാനയിലേയ്ക്ക് വെള്ളം പോകാത്തതിനാൽ മഴക്കാലത്ത് വെള്ളക്കെട്ടുമൂലമുള്ള പ്രശ്നങ്ങളുണ്ടാകാറുണ്ട്. കൂടാതെ ബസ്സ്റ്റാൻഡ് കെട്ടിടം യാർഡിനെക്കാളും താഴ്ന്നിരിക്കുന്നതിനാൽ മഴക്കാലത്ത് ഇതിനുള്ളിലെത്തുന്ന വെള്ളം പുറത്തുപോകാതെ കെട്ടിനിൽക്കുന്നുമുണ്ട്. ഇത് യാത്രക്കാർക്കും ജീവനക്കാർക്കും ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നത് വസ്തുതയാണ്. എറണാകുളം ജില്ലാ ഭരണകൂടത്തിന്റെ ഓപ്പറേഷൻ ബ്രേക്ത്രൂ പദ്ധതി നടപ്പാക്കിയാൽ മാത്രമെ ഇവിടത്തെ വെള്ളക്കെട്ട് പൂർണ്ണമായി ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. 2021 ജനുവരിയിൽ ബഹുമാന്യനായ മുൻ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ 2021-22 സാമ്പത്തിക വർഷത്തിൽ എറണാകുളം ബസ് സ്റ്റാൻഡിൽ വാണിജ്യാടിസ്ഥാനത്തിലുള്ള പുനരുദ്ധാരണം നടത്തുമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പരാമർശിച്ചിട്ടുണ്ട്. കാരിക്കാമുറിയിൽ ആധുനിക സൗകര്യങ്ങളുള്ള ബസ് സ്റ്റാൻഡ് സ്ഥാപിച്ച് നിലവിലുള്ള ബസ്സ്റ്റാൻഡും ഗ്യാരേജും അങ്ങോട്ടുമാറ്റി ഇപ്പോൾ ബസ്സ്റ്റാൻഡ് നിൽക്കുന്ന സ്ഥലത്ത് വാണിജ്യ സമുച്ചയം സ്ഥാപിക്കാനുള്ള പ്രാഥമിക ചർച്ചകൾ നടന്നുവരികയാണ്. കിഫ്ബി മുഖാന്തിരമുള്ള ധനസഹായം, മറ്റ് സർക്കാർ സ്ഥാപനങ്ങളുമായി ചേർന്നുള്ള സംയുക്ത സംരംഭം എന്നീ മാർഗ്ഗങ്ങളിലൂടെ പദ്ധതി നടപ്പാക്കാനാണ് ശ്രമിക്കുന്നത്. ബസ്സ്റ്റാൻഡ് കാരിക്കാമുറിയിലേയ്ക്ക് മാറ്റുന്നതിലൂടെ റെയിൽവേ, മെട്രോറെയിൽ, ബസ്സ്റ്റാൻഡ് എന്നിവ ഒരു ഹബ്ബ് പോലെ പ്രവർത്തിക്കുന്നതിന് വളരെ സൗകര്യപ്രദമായിരിക്കും. എറണാകുളം സൗത്ത് - എറണാകുളം നോർത്ത് കോറിഡോറിന്റെ ഭാഗമായി റെയിൽവേ സ്റ്റേഷനിൽനിന്ന് ബസ് സ്റ്റാൻഡിലേയ്ക്കുള്ള റോഡ് വികസിപ്പിക്കുന്നത് യാത്ര കൂടുതൽ സുഗമമാക്കും. ഇതിന് ജില്ലാ ഭരണകൂടം, കൊച്ചി കോർപ്പറേഷൻ, റെയിൽവേ എന്നിവയുടെയും റവന്യൂ, ഇറിഗേഷൻ തുടങ്ങിയ വകുപ്പുകളുടെയും ഏകോപനം ആവശ്യമാണ്.

(8) സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാച്ചെലവ്

മി. സ്പീക്കർ: ഇത് നേരത്തെ ചർച്ച ചെയ്ത വിഷയമായതിനാൽ അങ്ങയുടെ ആവശ്യം മാത്രം സ്പെസിഫിക്കായി ഉന്നയിക്കണം.

LIBRARY ARCHIVES Kerala Legislative Assembly